*➯ ഉൽപ്പന്നങ്ങൾ വനാവകാശ കമ്മിറ്റികളിൽ ഞങ്ങൾക്കു തന്നെ വിറ്റഴിക്കാനാവും ➯*

വനാവകാശ നിയമത്തിന്റെ നടപ്പിലാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ആദിവാസി പ്രതിനിധികൾ സംസാരിക്കുന്നു...

# അവകാശം കിട്ടിയിട്ടും പ്രയോഗിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്

**ചിത്ര, കാട്ടുനായ്ക്ക വിഭാഗം, നിലമ്പൂർ**

**നിലമ്പൂർ** അപ്പൻകാപ്പ് കോളനിയിലെ കാട്ടുനായ്ക്കർ ആദിവാസി വിഭാഗത്തിൽപ്പെട്ട ആളാണ് ഞാൻ. വനാവകാശ നിയമപ്രകാരം 926 പേർക്ക് ഇവിടെ വ്യക്തിഗത അവകാശം ലഭിച്ചിട്ടുണ്ട്. ലഭിച്ചതത്രയും അഞ്ച് മുതൽ 10 സെന്റ് വരെ ഭൂമിക്കാണ്. യഥാർത്ഥത്തിൽ, വനാവകാശ നിയമപ്രകാരം 10 ഏക്കർ വരെ ഭൂമി ഇവിടെ വ്യക്തിഗത അവകാശമായി ഞങ്ങൾക്ക് ലഭിക്കേണ്ടതുണ്ട്. പാട്ടക്കരിമ്പ് ആദിവാസി കോളനിയിലെ 45 പേർക്ക് മാത്രമാണ് 50 സെന്റ് ഭൂമി വീതം കിട്ടിയിട്ടുള്ളത്.

നിലമ്പൂർ മുഴുവൻ വനമേഖലയാണ്. വനവിഭവങ്ങളെ ആശ്രയിച്ചാണ് ഇവിടെ ആദിവാസികൾ ജീവിക്കുന്നത്. കിഴങ്ങുവർഗ്ഗങ്ങളും പഴവർഗ്ഗങ്ങളും ശേഖരിച്ച് ഭക്ഷിക്കുകയും ശേഷിക്കുന്നവ വിൽപ്പന ചെയ്തും ജീവിച്ചിരുന്നവരായിരുന്നു ഞങ്ങളുടെ ആളുകൾ. പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ കാട്ടുനായ്ക്ക കോളനിയായ കുമ്പളപ്പാറയിൽ 14 കുടുംബങ്ങളിൽ മൂന്ന് സ്ത്രീകളെ ഈയടുത്ത് മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തിരുന്നു. മൂവരും പോഷകാഹാര കുറവുമൂലം തളർന്നുവീഴുകയായിരുന്നു. വനത്തിനുള്ളിൽ നിന്നും മാറ്റിപ്പാർപ്പിക്കപ്പെട്ടവരായിരുന്നു അവർ. ഈ കോളനിക്കു ചുറ്റും സർക്കാരിന്റെ തേക്കുതോട്ടങ്ങളാണ്. അവിടെ ആദിവാസികൾക്ക് ജോലിയും നൽകിയിട്ടില്ല.

സാമൂഹിക വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കുകയാണെങ്കിൽ നഷ്ടപ്പെട്ടുപോയ കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ ഞങ്ങൾക്ക് വീണ്ടും കൃഷി ചെയ്യാനാവും. വെറ്റിലക്കൊടികൾ, കുരുമുളക്, ഏലം തുടങ്ങിയവയെല്ലാം ആദ്യകാലങ്ങളിൽ കാട്ടിൽ തന്നെ ഞങ്ങൾ നട്ടുപിടിപ്പിക്കുമായിരുന്നു. വനം വകുപ്പിന്റെ കർശനമായ നിയന്ത്രണങ്ങൾ പിന്നീട് വന്നതോടെ അത്തരം കൃഷിയെല്ലാം നടക്കാതെയായി. സാമൂഹിക വനാവകാശ നിയമ പ്രകാരം പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ഭൂമിയിൽ ഞങ്ങൾക്ക് അവകാശം ലഭിക്കുകയാണെങ്കിൽ ഞങ്ങളവിടെ സാമൂഹിക ഉത്തരവാദിത്തത്തോടെ ജോലി ചെയ്യും. അതുകൊണ്ടുതന്നെ സാമൂഹിക വനാവകാശം ലഭിക്കുക എന്നതാണ് പട്ടിണി മരണങ്ങളും പോഷാകാഹാരക്കുറവും പരിഹരിക്കാൻ ഏറ്റവും പ്രധാനമെന്ന് ഞങ്ങൾ കരുതുന്നു.

കാട്ടുനായ്ക്കർ, ചോലനായ്ക്കർ വിഭാഗങ്ങളൊന്നും കൃഷി ചെയ്ത് ജീവിച്ചിരുന്നവരായിരുന്നില്ല. വനവിഭവങ്ങളെ മാത്രമായിരുന്നു അവർ ആശ്രയിച്ചിരുന്നത്. കുട്ട, വട്ടി, പുൽപ്പായ, മുളയുൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ വളരെ വൈദഗ്ധ്യമുള്ളവരാണ് കാട്ടുനായ്ക്കർ. കൂടുതൽ പരിശീലനം നൽകി ഈ തൊഴിൽ പ്രോത്സാഹിപ്പിക്കപ്പെടണം. ഉൽപ്പന്നങ്ങൾ വനാവകാശ കമ്മിറ്റികളിൽ ഞങ്ങൾക്കു തന്നെ വിറ്റഴിക്കാനാവും. ഇത് ഞങ്ങൾക്ക് സാമ്പത്തികഭദ്രത പ്രദാനം ചെയ്യുന്നു.

നിലമ്പൂരിൽ സാമൂഹിക വനാവകാശ നിയമപ്രകാരം അവകാശങ്ങൾ നൽകുന്നതിനായി 32 കമ്മ്യൂണിറ്റി അവകാശ മാപ്പ് തയ്യാറായി എന്നു പറയുന്നുണ്ട്. എന്നാൽ ഇത് തയ്യാറാക്കിയത് വനം വകുപ്പ് ഉദ്യോഗസ്ഥർ മാത്രമാണ്. ആദിവാസികളുമായി യാതൊരു ആലോചനയും ഇതിനായി നടത്തിയിട്ടില്ല. ആ മാപ്പ് ഇപ്പോൾ കാണാനുമില്ല.

നിലമ്പൂരിനെ സംബന്ധിച്ച് രണ്ട് ഏക്കറോ നാല് ഏക്കറോ ഭൂമിയൊന്നും കിട്ടിയിട്ട് ഒരു കാര്യവുമില്ല. പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ഭൂമിയുടെ തന്നെ അവകാശം കിട്ടണം. നിലവിൽ, ഓരോരുത്തർക്കും അഞ്ച് മുതൽ 10 സെന്റ് മാത്രമേ ഭൂമിയുള്ളൂ. 45 പേർക്ക് ലഭിച്ച 50 സെന്റിൽ ഒമ്പത് പേർക്ക് ഇപ്പോഴും വീടുപണിയാൻ സാധിച്ചിട്ടില്ല. വികസനാവശ്യങ്ങൾക്ക് 75 മരങ്ങൾ മുറിക്കാമെന്ന് വനാവകാശ നിയമത്തിൽ തന്നെ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത പ്രദേശത്ത് ഒരു മരം പോലും ഇതുവരെ മുറിക്കാനായിട്ടില്ല. പ്രാക്തന ഗോത്രവിഭാഗങ്ങൾക്ക് വീടു പണിയാനനുവദിച്ച മൂന്നര ലക്ഷം രൂപ കൈയിൽ വച്ച് വീടുവെക്കാൻ കഴിയാതെ നടക്കുകയാണവർ. മരംമുറിക്കുന്നതിന് അനുമതി ലഭിച്ചാൽ മാത്രമേ ആ സ്ഥലങ്ങളിൽ വീടുവെക്കാൻ കഴിയൂ. അവകാശം കിട്ടിയാൽ പോ



ലും അത് പ്രയോഗിക്കാൻ കഴിയാത്ത അവസ്ഥ.

വനാവകാശ നിയമപ്രകാരം 28 വനാവകാശ കമ്മിറ്റികളും 53 ഊരുകൂട്ടങ്ങളുമാണ് രൂപീകരിച്ചിട്ടുള്ളത്. ഗ്രാമസഭകളോ ഊരുകൂട്ടങ്ങളോ ഒന്നും കൂടിയിട്ടല്ല ഈ കമ്മിറ്റികൾ രൂപീകരിച്ചത്. വ്യക്തിഗതാവകാശം നൽകുന്നതിനായി ഞങ്ങളുമായി ആലോചിക്കാതെ ഉദ്യോഗസ്ഥർ തന്നെയാണ് അത് രൂപീകരിച്ചത്. ഇപ്പോൾ 36 വനാവകാശ കമ്മിറ്റികൾ ഇവിടെയുണ്ട്. എന്താണ് വനാവകാശ നിയമമെന്ന് ഉദ്യോഗസ്ഥർക്കും ആദിവാസികൾക്കും അറിയാത്ത സ്ഥിതി ഇപ്പോഴുമുണ്ട്. പട്ടികവർഗ്ഗ വകുപ്പ് ഇതിനായി ഒരു ശ്രമവും നടത്തുന്നില്ല. വനാവകാശ ബോധവത്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നത് മിക്കപ്പോഴും സർക്കാർ ഇതര സംഘടനകളാണ്.

ഞങ്ങളുടെ കൂട്ടത്തിലുള്ളവർ ഭൂരിഭാഗവും കൂലിപ്പണികളിലേർപ്പെടുന്നവരാണ്. കാട്ടുനായ്ക്കർ വിഭാഗത്തിൽ പകുതി മാത്രമേ ഇപ്പോൾ കാട്ടിൽ പോകാറുള്ളൂ. എന്റെ കോളനിയിൽ 108 കുടുംബങ്ങളിലായി 478 ആളുകൾക്ക് കഴിയാൻ വേണ്ട വനവിഭവങ്ങൾ ഇപ്പോൾ കാട്ടിലില്ല. പഴയ തലമുറ കാട്ടിൽ പോകുകയും പുതിയ തലമുറ നാട്ടിലിറങ്ങി കൂലിപ്പണി ചെയ്യുകയുമാണ്. പുതിയ ആളുകൾ പുറം പണിക്ക് പോകുന്നത് കാട്ടിൽ പോകാൻ ഇഷ്ടമില്ലാത്തതു കൊണ്ടല്ല. വനവിഭവങ്ങൾ അത്രമാത്രം കുറഞ്ഞു എന്നുള്ളതുകൊണ്ടാണ്.

വന്യമൃഗങ്ങളുടെ എണ്ണം ഇന്ന് വളരെ കുറഞ്ഞെങ്കിലും സംഘർഷം കൂടിയിട്ടുണ്ട്. മൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങുന്നത് ഇന്ന് കൂടുതലാണ്. എന്നാൽ ഞങ്ങളൊരിക്കലും ആനയെ കുറ്റപ്പെടുത്തില്ല. വനവിഭവങ്ങൾ കുറയുന്നതുകൊണ്ടല്ലേ അവർക്കും കാടിറങ്ങേണ്ടി വരുന്നത്. കുളങ്ങൾ, ചതുപ്പുകൾ, നീരുറവകൾ, പുഴകൾ, തോടുകൾ എന്നിവ വറ്റിവരണ്ടു. ഇതൊക്കെയാവാം മൃഗങ്ങളെ വനത്തിൽ നിന്നും പുറത്തിറക്കുന്നത്.

ആദിവാസികളല്ലാത്തവർ ആദിവാസി ഭൂമി കയ്യേറുന്ന പ്രശ്നവും ഇവിടെ നിലനിൽക്കുന്നുണ്ട്. അവർ എങ്ങനെയെങ്കിലും കൈവശരേഖ തരപ്പെടുത്തുന്നു. ഭൂമിയോടുള്ള ആർത്തി ആദിവാസികൾക്കില്ലാത്തതുകൊണ്ട് പലരും ഭൂമി വിട്ടു കൊടുക്കുന്നു. ഭൂരേഖ, വൈദ്യുതി, റോഡ് ഇതൊന്നും വേണമെന്ന് ഞങ്ങൾക്ക് നിർബന്ധമില്ല. അതിര് ആഗ്രഹിക്കുന്നവരായിരുന്നില്ല ഞങ്ങൾ. എല്ലാം പൊതുവിഭവങ്ങളായാണ് ഞങ്ങൾ കരുതുന്നത്. ഇപ്പോഴും പുറത്തേക്ക് വരാതെ കാടിനുള്ളിൽ കഴിയുന്നവർ ഞങ്ങളുടെ ഇടയിലുണ്ട്. പട്ടികവർഗ്ഗ വകുപ്പും പട്ടികവർഗ്ഗ സൊസൈറ്റിയുമാണ് കാട്ടിനകത്തെ ആഗിവാസികളെ കണ്ടെത്തി വീടും മറ്റു സൗകര്യങ്ങളും നൽകി കാടിറക്കിക്കൊണ്ടുവന്നത്. കില, കിർതാർഡ്സ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളെല്ലാം ഇതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഞങ്ങൾക്ക് 226 കോളനികളുണ്ട്. ഐ.ടി.ഡി.പി കണക്കുപ്രകാരം 56 കോളനികൾ വനാവകാശ പരിധിയിലുണ്ട്. എന്നാൽ 32 വനാവകാശ കമ്മിറ്റികൾ മാത്രമേ ഉണ്ടാക്കിയിട്ടുള്ളൂ. കണക്കുപ്രകാരം നൂറിലധികം വനാവകാശ കമ്മിറ്റികൾ ഉണ്ടാക്കേണ്ടതായി വരും. വനത്തിനോടു ചേർന്നുകിടക്കുന്നവരും വനവിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവരും ഇതിൽ വരുമെന്ന് വനാവകാശ നിയമം പറയുന്നു. ഇനിയും കോളനികൾ ഉൾപ്പെടുത്താനുണ്ട്. വനാവകാശ നിയമത്തെക്കുറിച്ചുള്ള ബോധവത്കരണം ശക്തിപ്പെടുത്തണം. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. നിയമത്തെ കുറിച്ച് പ്രതിപാദിക്കുന്ന കൈപുസ്തകങ്ങൾ ഗോത്രഭാഷകളിൽ തയ്യാറാക്കണം. ഗോത്രഭാഷ സംസാരിക്കാനറിയാവുന്നവരെ കൂടി ഇതിൽ ഉൾപ്പെടുത്തണം. ■

**ഹരിതഹത്യാ നയങ്ങൾക്കെതിരെ പ്രതിഷേധ സംഗമം**

**2018 ഫെബ്രുവരി 7ന്**

തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ

സംഘാടനം: കേരള നദീസംരക്ഷണ സമിതി

ഫോൺ: 9947557375